(ജി) തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ചെന്നൈ ഐ.ഐ.റ്റി.യുടെ സമഗ്രമായ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ എന്തെല്ലാം നടപടികൾ എടുക്കണമെന്ന് തീരുമാനിക്കുവാൻ കഴിയുകയുള്ളൂ.

കോഴിത്തോട് ജലസേചന പദ്ധതി

107 (6266) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി മുല്ലശ്ശേരി എള വള്ളി പഞ്ചായത്തുകളുൾപ്പെടുന്ന കോഴിത്തോട് ജലസേചന പദ്ധതിയുടെ എസ്റ്റിമേറ്റ് എത്രയാണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തി ലാണെന്നും എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കുമോ ;

(സി) കോഴിക്കോട് ആഴം കൂട്ടുമ്പോൾ ലഭിക്കുന്ന മണൽ എന്തു ചെയ്യാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ;

(ഡി) മണൽ ഇപ്പോൾ എന്താണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത മണൽ നിലം നികത്തുന്നതിനും മറ്റുമായി അനധികൃ തമായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) മണലിന് വില ലഭിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1.24 കോടി രൂപയാണ് കോഴിത്തോട് ജലസേചന പദ്ധതിയുടെ എസ്റ്റിമേറ്റ് തുക.

(ബി) 50% പണി കഴിഞ്ഞു. 30-6-2011 ആകുമ്പോഴേയ്ക്കും പണി പൂർത്തി യാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി)-(എഫ്) ഇവിടെ നിന്നും ലഭിക്കുന്നത് മണ്ണും ഉപയോഗശൂന്യമായ ചെമാലിന്യങ്ങളുടെ മിശ്രിതവുമാണ്. ഇത് ബാക്ക് ഫില്ലിംഗിന് മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ബാക്കിവരുന്നത് കരാറുകാരനിൽനിന്നും നിശ്ചിത തുക ഈടാക്കി കരാറുകാരന്റെ സ്വന്തം വാഹനത്തിൽത്തന്നെ സൈറ്റിൽ നിന്നും നീക്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. മഴമാറി വാഹനം സൈറ്റിൽക്കൂടി ഓടാൻ തുടങ്ങിയാൽ ഇത് നീക്കം ചെയ്യുന്നതാണ്.

ചെറുകുളങ്ങൾ സംരക്ഷിക്കാൻ നടപടി

108 (6267) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകുളങ്ങൾ ഉൾപ്പെടെയുള്ള കേരളത്തിലെ മുഴുവൻ ജലാശ യങ്ങളുടേയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായി

LIBRARY ARCHIVES Kerala Legislative Assembly

എന്തെല്ലാം പരിപാടികൾ ആവിഷ്കരിക്കുവാൻ ആണ് ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എല്ലാവർക്കും എല്ലായ്പ്പോഴും ശുദ്ധജലം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) കേരളത്തിൽ ഏറ്റവും കൂടുതൽ ചെറുകുളങ്ങളുള്ള പാലക്കാട് ജില്ലയിൽ നിർജ്ജീവമായിക്കൊണ്ടിരിക്കുന്ന അത്തരം കുളങ്ങളെ സംരക്ഷിക്കുവാനായി പ്രത്യേക പാക്കേജ് ഉണ്ടാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ കുളങ്ങളുടേയും, ടാങ്കുകളുടേയും നദീതട അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും ഇവ നവീകരിക്കുന്നതിനുമായി സംസ്ഥാന ബഡ്ജറ്റിൽ 28.22 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം നദീതട അടിസ്ഥാനത്തിൽ ഓരോ നദീതടത്തിലേയും, കുളങ്ങളുടെ വിവരങ്ങൾ ജില്ലാതലത്തിൽ ശേഖരിച്ച് നവീകരണത്തിനുള്ള പ്രോജക്ട് തയ്യാറാക്കി വരുന്നു.

ഇതു കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അംഗീകരിച്ച് പദ്ധതിയിൽ കുളങ്ങളുടെ നവീകരണത്തിന് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ രണ്ടു പദ്ധതികളിലായി കേരളത്തിലെ കുളങ്ങളുടേയും ജലാശയങ്ങളുടേയും നവീകരണം ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) എല്ലാവർക്കും എല്ലായ്പോഴും ശുദ്ധജലം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ താഴെ പറയുന്നവയാണ്.

1. 59 വൻകിട പദ്ധതികളും 222 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. വൻകിട പദ്ധതികളിലൂടെ 13.50 ലക്ഷം ജനങ്ങൾക്കും ചെറുകിട പദ്ധതികളിലൂടെ ഉദ്ദേശം 4 ലക്ഷം ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്നതാണ്.

2. മേൽപ്പറഞ്ഞവ കൂടാതെ, ജപ്പാൻ സഹായത്തോടെ നടപ്പിലാക്കുന്ന തിരുവനന്തപുരം നഗരമേഖലയിലെ ശുദ്ധജല വിതരണ വിപുലീകരണ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ പൂർത്തീകരിച്ച് ഭാഗികമായി കമ്മീഷൻ ചെയ്തു. തന്മൂലം പ്രതിദിനം 37 ദശലക്ഷം ലിറ്റർ ശുദ്ധജലം കൂടുതലായി നിലവിലുള്ള ജലവിതരണക്കുഴലുകളിലൂടെ വിതരണം ചെയ്യാൻ സാധിക്കുന്നു.

3. 874 ഗ്രാമീണ സ്കൂളുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതികളും 3399 വർഷ യൂണിറ്റുകളും 78 സുനാമി പുനരധിവാസ പദ്ധതികളും പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

4. താഴെപ്പറയുന്ന പദ്ധതികൾക്ക് പുതുതായി ഭരണാനുമതി നൽകിയിട്ടുണ്ട് :

ക്രമ നമ്പർ	പദ്ധതിയുടെ പേര്	എണ്ണം	അടങ്കൽ തുക (കോടിയിൽ)
(1)	(2)	(3)	(4)
1.	കേന്ദ്ര സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ	33	286.43
2.	മഴവെള്ള സംഭരണ കുളങ്ങൾ (സ്റ്റെയ്നബിലിറ്റി പ്രൊപ്പോസൽ)	6	4.97
3.	എൻ.സി/പി.സി. പദ്ധതികൾ	124	30.44
4.	വെല്ലിംഗ്ടൺ കുടിവെള്ള പദ്ധതിയുടേയും പേപ്പാറ ഡാമിന്റേയും പുനരുദ്ധാരണം	1	1.00
5.	നബാർഡ് സ്പാൻ പദ്ധതികൾ	36	670.16
6.	കൊച്ചി ഹഡ്കോ ശുദ്ധജല വിതരണ പദ്ധതി- തെക്ക്, പടിഞ്ഞാറ് ഭാഗങ്ങളിലേയ്ക്കുള്ള ജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ	1	4.00
7.	നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ	6	168.80
8.	നിലവിലുള്ള ശുദ്ധീകരണ ശാലകളുടെ പുനരുദ്ധാരണം	43	10.466
9.	പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും മറുകിൽ മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി	1	136.40
10.	കുമരകം തിരുവാർപ്പ് ശുദ്ധജല റിതരണ പദ്ധതി	1	21.05

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞവ കൂടാതെ കേന്ദ്ര സഹായത്തോടെയുള്ള താഴെ പറയുന്ന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

(i) ജെ.എൻ.എൻ.യു.ആർ.എം ശുദ്ധജല വിതരണ പദ്ധതി

തിരുവനന്തപുരം നഗരം	87.16 കോടി
കൊച്ചി	201.17 കോടി

(ii) യു.ഐ.ഡി.എസ്.എസ്.എം.ടി.

ആലപ്പുഴ ശുദ്ധജല വിതരണ പദ്ധതി	91.94 കോടി

പയ്യന്നൂർ മുനിസിപ്പാലിറ്റിക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി - 40.19 കോടി

മേൽപ്പറഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി 11 മുനിസിപ്പാലിറ്റികൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(iii).115 ടി. ആർ. പി. പദ്ധതികൾ -70.88 കോടി

5. ലോകബാങ്കിന്റെ ധനസഹായത്തോടെ ചവറ-പന്മന പഞ്ചായത്തുകളിൽ കേരള ജല അതോറിറ്റിയും ജലനിധിയും സംയുക്തമായി ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിവരുന്നു.

6. എൽ.ഐ.സി.യുടെ ധനസഹായത്തോടെ ഏറ്റെടുത്ത് തുടങ്ങിവച്ച ഫണ്ടിന്റെ അഭാവംമൂലം മന്ദഗതിയിലായിരുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നബാർഡിന്റെ സഹായത്തോടെ സ്പാൻ പദ്ധതികൾ എന്ന പേരിൽ (36 പദ്ധതികൾ) ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

7. എൽ.ഐ.സി., ഹഡ്കോ മുതലായ ഏജൻസികളുടെ സഹായത്തോടെ ഏറ്റെടുത്ത് ഫണ്ടിന്റെ അഭാവംമൂലം മന്ദഗതിയിലായിരുന്ന 17 വൻകിട ശുദ്ധജല വിതരണ പദ്ധതികൾ 2009-10-ലെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

8. ഇതിനു പുറമേ 2010-11-ലെ ബഡ്ജറ്റിൽ പുതിയ മാന്ദ്യവിരുദ്ധ പാക്കേജിൽ 5 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ, തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിനുള്ള ശുദ്ധജല വിതരണ പദ്ധതി, എരുമേലി പഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി, ശബരിമലയ്ക്കും പമ്പയ്ക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ തുടങ്ങിയവ ഈ വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവയിൽപ്പെടുന്നു.

(സി) പാലക്കാട് ജില്ലയിലെ ഭാരതപ്പുഴ നദീതടത്തിൽ 5009 കുളങ്ങളുള്ളതായി വിവരം ശേഖരിച്ചിട്ടുണ്ട്. ഇവയിൽ ജലസേചനത്തിനുകൂടി സഹായകമായ 49 കുളങ്ങളുടെ നവീകരണത്തിന് 9.7254 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly